**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3811</u>** **<u>15-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതാ ബാരക്കുകൾ, ക്വാർട്ടേഴ്സുകൾ എന്നിവ ഇനിയും ലഭ്യമാകാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമായി പോലീസ് സ്റ്റേഷനുകളിൽ ക്വാർട്ടേഴ്സുകൾ പ്രത്യേകമായി നിർമ്മിച്ചിട്ടില്ല. ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിലേക്കായി അപേക്ഷ ലഭിക്കുന്ന തീയതി മുതലുള്ള മുൻഗണന അനുസരിച്ച് വനിതാ-പുരുഷ പോലീസ് വ്യത്യാസമില്ലാതെ ഒഴിവ് വരുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചു വരുന്നുണ്ട്. വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമ മുറികൾ പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ട്. |
| (ബി) | സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത 70 പോലീസ് സ്റ്റേഷനുകളാണുള്ളത്. ഇവയിൽ 43 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലും 27 പോലീസ് സ്റ്റേഷനുകൾ മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിലുള്ള കെട്ടിടങ്ങളിലും പ്രവർത്തിച്ച് വരുന്നു. ഇവയിൽ 19 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ